**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2117** **21-06-2024 - ൽ മറുപടിയ്ക്ക്**

**പോലീസ് ഉദ്യോഗസ്ഥരുടെ ബിനാമി ബിസിനസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. എം. കെ. മുനീർ ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഉന്നതരായ ചില പോലീസ് ഉദ്യോഗസ്ഥർ പലരും ബിനാമി ബിസിനസ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പോലീസ് ഗുണ്ടാ ബന്ധം നിലനിൽക്കുന്നതിനാൽ ഗുണ്ടകൾക്കെതിരെ നടപടിയെടുക്കുന്നതിലും കാപ്പ നിയമം നടപ്പാക്കുന്നതിലും വീഴ്ച ഉണ്ടായിട്ടുണ്ടോ; | (ബി) | പോലീസ്-ഗുണ്ട ബന്ധം നിലനിൽക്കുന്നതായോ ഗുണ്ടകൾക്കെതിരെ നടപടിയെടുക്കുന്നതിലും കാപ്പ നിയമം നടപ്പിലാക്കുന്നതിലും വിഴ്ച ഉണ്ടായതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് ഗുണ്ടകളുടെയും സാമൂഹ്യ വിരുദ്ധരുടെയും അതിക്രമങ്ങൾ തടയുന്നതിനായി രൂപീകരിച്ചിട്ടുള്ള കാപ്പാ സെൽ ഫലപ്രദമായി പ്രവർത്തിച്ചു വരുന്നുണ്ട്. സ്ഥിരമായി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന പ്രതികളെ കരുതൽ തടങ്കലിൽ വയ്ക്കുന്നതിനും അവരുടെ സഞ്ചലനം നിയന്ത്രിക്കുന്നതിനുമായി കാപ്പാ പ്രകാരമുള്ള നടപടികൾ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | ഇത്തരം പോലീസുകാരെ കണ്ടെത്തി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ ? | (സി) | ക്രിമിനൽ ബന്ധങ്ങൾ ഉണ്ടാക്കിയാതായി കണ്ടെത്തുന്ന ഉന്നത ഉദ്യോഗസ്ഥരുൾപ്പെടെ വിവിധ ശ്രേണിയിലുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് ക്രിമിനൽ നിയമപ്രകാരമുള്ള നടപടികളും വകുപ്പുതല നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. കുറ്റകൃത്യങ്ങളുടെ ഗൗരവത്തിന്റെ അടിസ്ഥാനത്തിലാണ് ശിക്ഷാനടപടികൾ സ്വീകരിക്കുന്നത്. അപ്രകാരം നടപടിക്രമങ്ങൾ പൂർത്തിയാക്കി കഴിഞ്ഞ 8 വർഷത്തിനുള്ളിൽ 108 പോലീസ് ഉദ്യോഗസ്ഥരെ സർവീസിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ക്രിമിനലുകളെ കേരള പോലീസിൽ വച്ച് പൊറുപ്പിക്കില്ല എന്നതാണ് സർക്കാർ നയം. ഇത് കൃത്യമായി നടപ്പാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ